(ബി) ഇത് സംബന്ധിച്ച് ശ്രീമതി തങ്കച്ചി കൊല്ലം ജില്ലാ പോലീസ് സൂപ്രണ്ടിന് നൽകിയ പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ കേസിലെ പ്രതി ആരെന്നും പ്രതിയെ അറസ്റ്റ് ചെയ്തോ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) ഇത് സംബന്ധിച്ച് ക്രൈം 123/99 യു/എസ് 3`(1)(x) ഓഫ് എസ്.സി./എസ്.ടി.(പി.എ.) ആക്റ്റ് പ്രകാരം ഒരു കേസ് അഞ്ചാലുംമൂട് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ട്. കേസന്വേഷണത്തിൽ വേണ്ടത്ര തെളിവുകൾ ലഭിക്കാതിരുന്നതിനാൽ പ്രതികളെ അറസ്റ്റു ചെയ്തിട്ടില്ല.

ലോട്ടറിയും പണവും അപഹരിച്ചെന്ന പരാതി

83 (3012)ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ദീപ്തി ലോട്ടറി ഉടമ എം.എസ്. സുന്ദരം തന്റെ ലോട്ടറിയും പണവും അപഹരിക്കപ്പെട്ടുവെന്ന് കാണിച്ചുകൊണ്ട് നൽകിയ പരാതിയിന്മേലുള്ള അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലിരിക്കുന്നു;

(ബി) അന്വേഷണം നടത്തുന്നത് ആരാണ്; അന്വേഷണം എത്രയും വേഗം പൂർത്തീകരിച്ച് റിപ്പോർട്ട് നൽകുവാൻ നടപടി സ്വീകരിക്കുമോ;

(സി) പോലീസ് ഉദ്യോഗസ്ഥൻ ഉൾപ്പെടെയുള്ള ഉന്നതോദ്യോഗസ്ഥന്മാർ ഉൾപ്പെട്ടിട്ടുള്ള ഈ കേസ്സിൽ അന്വേഷണത്തിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു പരിഹരിച്ച് പരാതിക്കാരന് നീതി ലഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി)പരാതി സംബന്ധിച്ച് ക്രൈംബ്രാഞ്ച് അന്വേഷണം നടത്തി വരുന്നു. അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കാൻ ഡി.ജി.പി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly